**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 92** **05-12-2022 - ൽ മറുപടിയ്ക്ക്**

**പോക്സോ കേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പോക്സോ കേസുകളിൽ ഇരകളായ കുട്ടികളെ പോലീസുകാർ പീഡിപ്പിക്കുന്നതായുള്ള കേസുകൾ കേരളത്തിൽ റിപ്പോർട്ട് ചെയ്തത് ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) | ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ മേലുദ്യോഗസ്ഥർ പോലീസ് സ്റ്റേഷനുകളിൽ കൃത്യമായ ഇടവേളകളിൽ സന്ദർശനം നടത്തി പോലീസ് ഉദ്യോഗസ്ഥരുടെയും പോലീസ് സ്റ്റേഷന്റെയും പ്രവർത്തനം വിലയിരുത്തുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ ശക്തമായ വകുപ്പുകൾ ചേർത്ത് നിയമ നടപടിയും കൂടാതെ കർശന വകുപ്പുതല നടപടികളും സ്വീകരിച്ചു വരുന്നു. |
| (ബി) | അമ്പലവയൽ പോക്സോ കേസ് ഇരയെ തെളിവെടുപ്പിനിടെ എ.എസ്.ഐ. പീഡിപ്പിക്കാൻ ശ്രമിച്ച സംഭവത്തിന്റെ അന്വേഷണ പുരോഗതി വ്യക്തമാക്കുമോ; | (ബി) | ഈ സംഗതിയിൽ11.11.2022 തീയതിയിൽ ക്രൈം നം. 641/2022 u/s 354, 354(A)(2), 354(A) 1(i) IPC 10 r/w 9(a)(iii)(i) of POCSO Act and Sec.3 (1)w( 1), 3(2)(va) of SC/ST PoA Amendment Act പ്രകാരം അമ്പലവയൽ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് വയനാട് സ്പെഷ്യൽ മൊബൈൽ യൂണിറ്റ് ഡി.വൈ.എസ്.പി.യുടെ നേതൃത്വത്തിൽ ഊർജ്ജിത അന്വേഷണം നടത്തി വരുന്നു. |
| (സി) | പ്രസ്തുത കേസിൽ പ്രതിയായ പോലീസ് ഉദ്യോഗസ്ഥന് ഒളിവിൽ പോകാൻ പോലീസ് സേന അവസരം നൽകിയതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | (ബി)യിൽ ചേർത്തിട്ടുണ്ട്. |
| (ഡി) | പോക്സോ കേസുകളിൽ ഇരയായ പെൺകുട്ടികളെ തെളിവെടുപ്പിന് കൊണ്ടുപോകുമ്പോൾ വനിതാ പോലീസിന്റെ സാന്നിധ്യം ഉറപ്പുവരുത്തുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | (ബി)യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ